**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 999 25.01.2018 ലെ മറുപടി**

**<u>കൊങ്ങാട്,മങ്കര എന്നിവിടങ്ങളിലെ കുടിവെള്ള പദ്ധതികൾ</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. കെ.വി. വിജയദാസ്** | **മാത്യൂ ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) കൊങ്ങാട് മണ്ഡലത്തിൽ എത്ര പുതിയ കുടിവെള്ള പദ്ധതികൾ ആരംഭിയ്ക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; എന്തെല്ലാം സ്കീമുകളിലൂടെയാണ് പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദവിവരം നൽകുമോ; | എ) കോങ്ങാട് മണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന രണ്ട് കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത് -<br>1. നബാർഡ് - ആർ.ഐ.ഡി.എഫ് 23<br>മണ്ണൂർ കേരളശ്ശേരി മങ്കര എന്നീ പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതിക്ക് 25.3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>2.. 2017-18 ലെ ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ കരിമ്പ, കോങ്ങാട് ഗ്രാമപഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിക്ക് വേണ്ടി DSR 16 പ്രകാരം 27.3 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. |
| ബി) മങ്കര പഞ്ചായത്തിന്റെ വിവിധ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിനും നവീകരണത്തിനും നടപടികൾ സ്വീകരിയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമ പഞ്ചായത്തും മണ്ഡലം എം.എൽ.എ യും നൽകിയിട്ടുള്ള നിവേദനങ്ങളുടെമേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കുമോ ? | ബി) നബാർഡിൽ ഉൾപ്പെടുത്തി മണ്ണൂർ കേരളശ്ശേരി മങ്കര എന്നീ പഞ്ചായത്തുകൾക്കായി 25.3 കോടി രൂപയുടെ കുടിവെള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ മങ്കര പഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പും പരിപാലനവും പഞ്ചായത്താണ് നിർവ്വഹിക്കുന്നത്. |

Renuka Sankar

സെക്ഷൻ ഓഫീസർ